# IndianOil

**മാർക്കറ്റിംഗ് ഡിവിഷൻ        കേരള സ്റ്റേറ്റ് ഓഫീസ്**

## ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് റീട്ടെയിൽ ഔട്ട്ലെറ്റിനായി

## (പെട്രോൾ പമ്പ് / ഡീസൽ പമ്പ്) ഭൂമി ആവശ്യമുണ്ട്

താഴെ പറയുന്ന ലൊക്കേഷനുകളിൽ റീട്ടെയിൽ ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന്, ഈ പരസ്യം പ്രസിദ്ധീകരിക്കുന്ന തീയതിയിൽ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന് സമ്പൂർണ്ണ വിൽപ്പന വഴി / ലീസിന് (കുറഞ്ഞത് 15 വർഷം, പുതുക്കാവുന്ന വിധത്തിൽ) ഭൂമി കൈമാറാൻ താൽപ്പര്യമുള്ള, സാധുതയുള്ളതും വിപണനം ചെയ്യാവുന്നതുമായ ഭൂമി കൈവശമുള്ള, കക്ഷികളിൽ നിന്ന്, വെവ്വേറെയായുള്ള രണ്ട് കവറുകളിൽ (ഒന്നിൽ സൈറ്റിന്റെ സാങ്കേതിക വിവരങ്ങളും, മറ്റൊന്നിൽ ഫിനാൻഷ്യൽ ഓഫറും അടങ്ങിയിരിക്കണം) മുദ്രവച്ച ഓഫറുകൾ ക്ഷണിക്കുന്നു:

| സീരിയൽ നമ്പർ | സംസ്ഥാനം | ജില്ല | ലൊക്കേഷൻ | എൻഎച്ച്/ എസ്എച്ച്/ നഗരം/ടൗൺ | പ്ലോട്ടിന് വേണ്ട മിനിമം വലുപ്പം |
|---|---|---|---|---|---|
| 1 | കേരളം | മലപ്പുറം | വളാഞ്ചേരി മുതൽ പൊന്നാനി വരെ | NH 66 (പഴയ NH 17) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 2 | കേരളം | കോഴിക്കോട് | കോഴിക്കോട് ബൈപാസ്സ് | NH 66 (പഴയNH 17) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 3 | കേരളം | കോഴിക്കോട് | കോഴിക്കോട് ജില്ലാ പരിധിക്കുള്ളിൽ | NH/SH/ നഗരം/പട്ടണം | (എൻഎച്ചിൽ മുൻവശം 35 മീറ്റർ x 45 മീറ്റർ ആഴം) (എസ്എച്ചിൽ 35 മീറ്റർ മുൻവശം X 35 മീറ്റർ ആഴം) (എൻഎച്ചും എസ്എച്ചും അല്ലാത്ത ഇടങ്ങളിൽ 25 മീറ്റർ മുൻവശം x 25 മീറ്റർ ആഴം) |
| 4 | പോണ്ടിച്ചേരി | മാഹി | മാഹി ബൈപാസ്സ് | NH 66 (പഴയ NH 17) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 5 | കേരളം | കണ്ണൂർ | പയ്യന്നൂർ മുതൽ തളിപ്പറമ്പ് വരെ (ഇടതുവശം) | NH 66 (പഴയ NH 17) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 6 | കേരളം | കാസർഗോഡ് | പെരിയ മുതൽ ചട്ടഞ്ചാൽ വരെ | NH 66 (പഴയ NH 17) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 7 | കേരളം | മലപ്പുറം | നിലമ്പൂർ മുതൽ വണ്ടൂർ വരെ | SH 73 | 35 മീറ്റർ മുൻവശം X 35 മീറ്റർ ആഴം |
| 8 | കേരളം | മലപ്പുറം/ പാലക്കാട് | പെരിന്തൽമണ്ണ മുതൽ മണ്ണാർക്കാട് വരെ | NH 213 (പഴയ NH 966) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 9 | കേരളം | വയനാട് | വൈത്തിരി മുതൽ സുൽത്താൻ ബത്തേരി വരെ | NH 212 (പഴയ NH 766) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 10 | കേരളം | കണ്ണൂർ | കണ്ണൂർ മുതൽ എടക്കാട് വരെ | NH 66 (പഴയ NH 17) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 11 | കേരളം | തൃശ്ശൂർ | കേച്ചേരി മുതൽ പെരുമ്പിലാവ് വരെ | SH 69 | 35 മീറ്റർ മുൻവശം X 35 മീറ്റർ ആഴം |
| 12 | കേരളം | തൃശ്ശൂർ/ എറണാകുളം | പാലിയേക്കര മുതൽ ആലുവ വരെ | NH 544 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 13 | കേരളം | എറണാകുളം | എറണാകുളം ജില്ലാ പരിധിക്കുള്ളിൽ | NH/SH/ നഗരം/പട്ടണം | (എൻഎച്ചിൽ മുൻവശം 35 മീറ്റർ x 45 മീറ്റർ ആഴം) (എസ്എച്ചിൽ 35 മീറ്റർ മുൻവശം X 35 മീറ്റർ ആഴം) (എൻഎച്ചും എസ്എച്ചും അല്ലാത്ത ഇടങ്ങളിൽ 25 മീറ്റർ മുൻവശം x 25 മീറ്റർ ആഴം) |
| 14 | കേരളം | എറണാകുളം | വല്ലാർപാടം മുതൽ കളമശ്ശേരി വരെ | NH 966 A (പഴയ Nh47 C) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 15 | കേരളം | പാലക്കാട് | പാണഞ്ചേരി മുതൽ വാളയാർ വരെ | NH 544 (പഴയNH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 16 | കേരളം | ആലപ്പുഴ | കായംകുളം മുതൽ പുന്നപ്ര വരെ (ഇടതുവശം) | NH 66 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 17 | കേരളം | ആലപ്പുഴ | എരമല്ലൂർ മുതൽ പാതിരപ്പിള്ളി വരെ | NH 66 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 18 | കേരളം | ഇടുക്കി | കോതമംഗലം മുതൽ ഇരുമ്പുപാലം വരെ | NH 85 (പഴയ NH 49) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 19 | കേരളം | എറണാകുളം | തിരുവാങ്കുളം മുതൽ കോലഞ്ചേരി വരെ | NH-85 (പഴയ NH- 49) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 20 | കേരളം | തൃശ്ശൂർ | തൃപ്രയാർ മുതൽ അണ്ടത്തോട് വരെ | NH 66 (പഴയ NH 17) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 21 | കേരളം | കൊല്ലം | നീണ്ടകര മുതൽ ഓച്ചിറ വരെ (ഇടതുവശം) | NH 66 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 22 | കേരളം | കൊല്ലം | കൊല്ലം ബൈപാസ്സിൽ കാവനാട് മുതൽ മേവാരം വരെ | NH 66 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 23 | കേരളം | കോട്ടയം | കാഞ്ഞിരപ്പള്ളിക്കും മുണ്ടക്കയത്തിനും ഇടയിൽ | NH 183 (പഴയ NH 220) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 24 | കേരളം | തിരുവനന്തപുരം | കഴക്കൂട്ടം മുതൽ ആറ്റിങ്ങൽ വരെ | NH 66 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 25 | കേരളം | തിരുവനന്തപുരം | വിഴിഞ്ഞം മുതൽ കഴക്കൂട്ടം വരെ | NH 66 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 26 | കേരളം | തിരുവനന്തപുരം | വിഴിഞ്ഞം മുതൽ കാരോട് വരെ (കേരളത്തിനുള്ളിൽ) | NH 66 (പഴയ NH 47) | 35 മീറ്റർ മുൻവശം X 45 മീറ്റർ ആഴം |
| 27 | കേരളം | തിരുവനന്തപുരം | തിരുവനന്തപുരം ജില്ലാ പരിധിക്കുള്ളിൽ | NH/SH/ നഗരം/പട്ടണം | (എൻഎച്ചിൽ മുൻവശം 35 മീറ്റർ x 45 മീറ്റർ ആഴം) (എസ്എച്ചിൽ 35 മീറ്റർ മുൻവശം X 35 മീറ്റർ ആഴം) (എൻഎച്ചും എസ്എച്ചും അല്ലാത്ത ഇടങ്ങളിൽ 25 മീറ്റർ മുൻവശം x 25 മീറ്റർ ആഴം) |

**ഇനിപ്പറയുന്ന കാര്യങ്ങൾ ദയവായി ശ്രദ്ധിക്കുക:**

- നാഷണൽ ഹൈവേയിൽ ഓഫർ ചെയ്യുന്ന ഭൂമി, ടോൾ ബ്രിഡ്ജിൽ നിന്ന് / എൻഎച്ച്-എസ്എച്ച്-എംഡിആർ ക്രോസ്സിംഗിൽ നിന്ന് 1 കിലോമീറ്റർ ചുറ്റളവിലായിരിക്കരുത്, അതേ വശത്തുള്ളതും നിലവിലുള്ളതുമായ റീട്ടെയിൽ ഔട്ട്ലെറ്റിൽ നിന്ന് ചുരുങ്ങിയത് 1 കിലോമീറ്റർ അകലെയായിരിക്കുന്നതാണ് അഭികാമ്യം.
- നഗരാതിർത്തിക്ക് ഉള്ളിലാണ് ഇടമെങ്കിൽ, ഒരു റീട്ടെയിൽ ഔട്ട്ലെറ്റ് സ്ഥാപിക്കാൻ കഴിയുന്ന പക്ഷം, ചെറിയ വിസ്തൃതിയുള്ള ഇടങ്ങളും പരിഗണിക്കുന്നതാണ്.
- പ്ലോട്ടിന്റെ മുൻഭാഗം ഹൈവേയോട് / പ്രധാന റോഡിനോട് തൊട്ടുനിൽക്കുന്ന രീതിയിലായിരിക്കണം, പ്ലോട്ടിലേക്ക് ശരിയായ അപ്രോച്ച് റോഡും ഉണ്ടായിരിക്കണം.
- അർബൻ ലാൻഡ് സീലിംഗ്, കൃഷിഭൂമിയോ കോൾനിലമോ വയലോ മാറ്റിയെടുത്തതല്ലെന്ന് തെളിയിക്കുന്ന രേഖ, വരുമാനനികുതി ക്ലിയറൻസ്, ബാധ്യതകളൊന്നും ഭൂമിക്ക് മേലില്ലെന്ന സർട്ടിഫിക്കറ്റ് എന്നിങ്ങനെയുള്ള നിയമപരമായ എല്ലാ ക്ലിയറൻസുകളും സംഘടിപ്പിക്കേണ്ടത് അപേക്ഷിക്കുന്ന വ്യക്തിയുടെ ചുമതലയാണ്.
- നാഷണൽ ഹൈവേയിലാണ് ഭൂമിയെങ്കിൽ എൻഎച്ച്എഐ നിഷ്കർഷിക്കുന്ന ആവശ്യകതകളെല്ലാം പാലിക്കുന്നുണ്ടെന്ന് അപേക്ഷിക്കുന്ന വ്യക്തി ഉറപ്പാക്കണം.
- റോഡ് ലെവലിൽ നിന്ന് വളരെ ഉയരത്തിലും താഴെയുമല്ലാതെ ഭൂമി ലെവൽ ചെയ്തിരിക്കണം, ഭൂമി മുഴുവൻ ചേർന്നിരിക്കുന്നതായിരിക്കണം.
- ഉയർന്ന വോൾട്ടേജുള്ള വൈദ്യുതി പ്രവഹിക്കുന്ന ലൈൻ, പ്രൊഡക്റ്റ്/വാട്ടർ പൈപ്പ്ലൈൻ/ കനാലുകൾ/ മലിനജലം ഒഴുകുന്ന കാന/ പൊതുവഴി, റെയിൽവേ ലൈൻ എന്നിവയൊന്നും പ്ലോട്ടിൽ ഉണ്ടായിരിക്കരുത്.
- ബാധ്യത/ കയ്യേറ്റം/ മതപരമായ കെട്ടിടം എന്നിവയൊന്നും പ്ലോട്ടിൽ ഉണ്ടായിരിക്കരുത്. ഇവയൊന്നും ഇല്ലെന്ന് തെളിയിക്കുന്ന നോട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ ഓഫറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
- ആവശ്യകതകളെല്ലാം നിറവേറ്റുന്ന തരത്തിലുള്ള ഭൂമി ഒരു ഉടമയുടെ പക്കൽ ഇല്ലെങ്കിലും തൊട്ടടുത്ത് കിടക്കുന്ന പ്ലോട്ടുകളുടെ ഉടമകളെല്ലാം പരസ്പര സമ്മതത്തോടെ ആവശ്യകതകൾ നിറവേറ്റുന്ന ഭൂമി സമർപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയാണെങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു പവർ ഓഫ് അറ്റോർണി ഉടമ വഴി ഓഫർ സമർപ്പിക്കാവുന്നതാണ്. എന്നാൽ പവർ ഓഫ് അറ്റോർണി ഉടമയുമായി മാത്രമേ ഇന്ത്യൻ ഓയിൽ ഇടപാടുകൾ നടത്തൂ. ഓരോ ഉടമയിൽ നിന്നും ആവശ്യമായ പവർ ഓഫ് അറ്റോർണിയുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ഓഫറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
- കൃഷിഭൂമി ഓഫർ ചെയ്യുന്നവർ, അത്തരം ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക്, പ്രത്യേകിച്ചും റീട്ടെയിൽ ഔട്ട്ലെറ്റിന് / അടിസ്ഥാന സൗകര്യങ്ങൾക്ക് അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്ദേശത്തിന് ഉപയോഗിക്കുന്നതിന് അധികാരികളിൽ നിന്ന് അനുമതി വാങ്ങിയിരിക്കേണ്ടതാണ്, ഇതിനുള്ള ചെലവെല്ലാം വഹിക്കേണ്ടത് അപേക്ഷിക്കുന്ന വ്യക്തിയാണ്.
- ജില്ലാ ഭരണാധികാരികൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും ഈ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഭൂമി ഉചിതമെന്ന് കണ്ടാൽ സർക്കാർ ഭൂമിക്കായിരിക്കും മുൻഗണന നൽകുക.
- ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കണക്കാക്കുന്ന പ്രകാരം, ഇനിപ്പറയുന്ന അധിക ചെലവുകളും ബിഡുകളുടെ വാണിജ്യപരമായ വിലയിരുത്തലിന് പരിഗണിക്കപ്പെടും (1) വാൾ/ഹ്യൂം പൈപ്പുകളും മറ്റും നിലനിർത്തുന്നതിനുള്ള ചെലവുകൾ ഉൾപ്പെടെ, മണ്ണിട്ട് നികത്തുന്നതിനുള്ള / ലെവൽ ചെയ്യുന്നതിനുള്ള / ഉപയോഗയോഗ്യമാക്കുന്നതിനുള്ള ചെലവുകൾ, കൂടാതെ ഓഫർ ചെയ്യുന്ന സൈറ്റിനെ റോഡ് ലെവലിൽ എത്തിക്കുന്നതിന് മണ്ണിട്ട് നികത്തുന്നതിനുള്ള / മണ്ണെടുത്ത് മാറ്റുന്നതിനുള്ള ചെലവുകളും (2) ടെലിഫോൺ / ഇലക്ട്രിക്കൽ ലൈനുകൾ മാറ്റുന്നത് / ഇടുന്നത് പോലെയുള്ള മറ്റ് ഭൗതിക ജോലികൾക്കായുള്ള ചെലവുകൾ.
- ബ്രോക്കർമാർ/പ്രോപ്പർട്ടി ഡീലർമാർ അപേക്ഷിക്കേണ്ടതില്ല.
- തപാലിൽ / ഫാക്സിൽ അയയ്ക്കുന്ന ഡോക്യുമെന്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസത്തിനോ അവ നഷ്ടപ്പെടുന്നതിനോ ലഭിക്കാതിരിക്കുന്നതിനോ യാതൊരു ഉത്തരവാദിത്തവും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഏറ്റെടുക്കുന്നതല്ല. ലഭിക്കുന്ന ക്വട്ടേഷനുകൾ വെറും ഓഫറുകൾ മാത്രമാണ്, ഓഫറുകൾ സ്വീകരിച്ചു എന്ന കാരണത്തിനാൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന് നിയമപരമായ ഒരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.
- എന്തെങ്കിലും കാരണം കാണിക്കാതെ തന്നെ ഏതെങ്കിലും അപേക്ഷയോ അപേക്ഷകളെല്ലാമോ നിരസിക്കുന്നതിനുള്ള അവകാശം ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.

**ഓഫറുകളോടൊപ്പം താഴെ പറയുന്ന വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്:**

ഓഫർ ചെയ്തിരിക്കുന്ന പ്ലോട്ടിന്റെ വിശദാംശങ്ങളും, രേഖകളുടെ പകർപ്പുകളും യഥാക്രമം ഒപ്പിട്ട് താഴെ പറയുന്ന വിവരങ്ങൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്:

1) ഭൂമിയുടെ ഉടമയുടെ (ഉടമകളുടെ) പേര്
2) പ്ലോട്ടിന്റെ പ്രോപ്പർട്ടി സാഹചര്യത്തിന്റെ വിശദാംശങ്ങൾ കാണിക്കുന്ന പ്രധാന പ്ലാൻ
3) പ്ലോട്ടിന്റെ അളവുകൾക്കൊപ്പം വിൽപ്പനയ്ക്ക് / ലീസിന് ഓഫർ ചെയ്യുന്ന ഇടത്തിന്റെ വിസ്തീർണ്ണം
4) വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന '7/12' വിശദാംശങ്ങൾ അല്ലെങ്കിൽ തത്തുല്യമായത് (കരോണി ജമാബന്ദി, ഖസ്ര, ഗിർദാവാരി മുതലായവ), ആധാരം (തീറാധാരം മുതലായവ) ശരിപ്പകർപ്പെന്ന് യഥാക്രമം സാക്ഷ്യപ്പെടുത്തി, കൂടെവയ്ക്കേണ്ടതുണ്ട്.
5) പവർ ഓഫ് അറ്റോർണി ഉടമ, രജിസ്റ്റർ ചെയ്തിട്ടുള്ള പവർ ഓഫ് അറ്റോർണിയുടെ ഒരു പകർപ്പ് സമർപ്പിക്കണം.

മുകളിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ / വിശദാംശങ്ങൾ ഇല്ലാതെ ലഭിക്കുന്ന ഓഫറുകൾ നിരസിക്കപ്പെടുന്നതാണ്.

മുകളിൽ പറഞ്ഞതിന് പുറമെ ഇനിപ്പറയുന്ന വിശദാംശങ്ങളും ഓഫറിൽ സൂചിപ്പിച്ചിരിക്കണം:

i) ഓഫർ ഒന്നുകിൽ വിൽപ്പനയ്ക്കോ അല്ലെങ്കിൽ ലീസിനോ ഉള്ളതാണെന്ന വിവരം
ii) വിൽപ്പനയ്ക്ക് ഉള്ളതാണെങ്കിൽ പ്രതീക്ഷിക്കുന്ന വില ഇന്ത്യൻ രൂപയിൽ
iii) ലീസിനാണെങ്കിൽ, രൂപയിൽ പ്രതിമാസ ലീസ് വാടകയും ലീസിന്റെ കാലയളവും

**മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിശദാംശങ്ങൾ അടങ്ങിയ ഓഫർ ഒരു എൻവലപ്പിൽ ഇടുകയും ............................................ (ലൊക്കേഷന്റെ പേര്) എന്നയിടത്തെ ഭൂമിക്കുള്ള ഓഫർ എന്ന് അതിലെഴുതി മുദ്രവയ്ക്കുകയും വേണം താൽപ്പര്യമുള്ള കക്ഷികൾക്ക്, ഇനിപ്പറയുന്ന വിലാസങ്ങളിൽ നിശ്ചിത തീയതിയിലും സമയത്തും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്:**

| | |
|---|---|
| **സീരിയൽ നമ്പർ 1 മുതൽ 10 വരെയുള്ളവയ്ക്ക്** | സീനിയർ ഡിവിഷണൽ റീട്ടെയിൽ സെയിൽസ് മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് ഡിവിഷണൽ ഓഫീസ്, 2-ാമത്തെ ഫ്ലോർ, പിഎംകെ ടവേഴ്സ്, സിവിൽ സ്റ്റേഷന് അരികിൽ, കോഴിക്കോട് - 673020 |
| **സീരിയൽ നമ്പർ 11 മുതൽ 20 വരെയുള്ളവയ്ക്ക്** | ചീഫ് ഡിവിഷണൽ റീട്ടെയിൽ സെയിൽസ് മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചിൻ ഡിവിഷണൽ ഓഫീസ്, പനമ്പിള്ളി അവെന്യൂ, പനമ്പിള്ളി നഗർ, കൊച്ചി - 682 036. |
| **സീരിയൽ നമ്പർ 21 മുതൽ 27 വരെയുള്ളവയ്ക്ക്** | സീനിയർ ഡിവിഷണൽ റീട്ടെയിൽ സെയിൽസ് മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം ഡിവിഷണൽ ഓഫീസ്, താഴെത്തെ നില, പ്രീമിയർ പാർക്ക്, ഇഞ്ചക്കൽ ബൈപാസ്സ് റോഡ്, വള്ളക്കടവ് (പിഒ), തിരുവനന്തപുരം - 695 008. |

ബിഡ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **20.12.2016**-ന് **16.00** മണിക്കാണ്. ഈ തീയതിക്ക് ശേഷം ലഭിക്കുന്ന ഓഫറുകൾ പരിഗണിക്കുന്നതല്ല. സമർപ്പിക്കുന്ന ഓഫറിന്റെ സാധുത, നിശ്ചിത തീയതിയിന്റ നിന്ന് 150 ദിവസ കാലയളവായിരിക്കും, ഇരുകൂട്ടരും സമ്മതിക്കുകയാണെങ്കിൽ ഉഭയസമ്മതപ്രകാരം ഈ കാലയളവ് നീട്ടാവുന്നതാണ്.